"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്) -8000 ഡയറികൾ അച്ചടിക്കാൻ അനുവാദം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഐബി) വകുപ്പ്

സ.ഉ.(സാധാ) നം.302/2022/LSGD തീയതി,തിരുവനന്തപുരം, 10-02-2022

പരാമർശം:-

1. 15/06/2021 ലെ സ. ഉ (സാധാ) നം. 2204/2021/ പൊ. ഭ. വ. നമ്പർ ഉത്തരവ്.
2. ക്രൂസ് സെക്രട്ടറിയുടെ 7/9/2021, 30/11/2021 തീയതികളിലെ ബി/558/2021 നമ്പർ കത്ത്.
3. ക്രൂസ് സെക്രട്ടറിയുടെ 30/11/2021 തീയതികളിലെ ബി/558/2021 നമ്പർ കത്ത്.

ഉത്തരവ്

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്)യ്ക്ക് മുൻ വർഷങ്ങളിലെപ്പോലെ 2022-ലും 8000 ഡയറി അച്ചടിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ക്രൂസ് സെക്രട്ടറി അഭ്യർഥിച്ചിരുന്നു.

2. എന്നാൽ പരാമർശം (1) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ ധനസഹായം ലഭിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവ സ്വന്തമായി ഡയറി, കലണ്ടർ, ദിനസ്മരണ, കോഫി ടേബിൾ ബുക്ക് എന്നിവ അച്ചടിക്കാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുള്ള വിവരം ക്രൂസ് സെക്രട്ടറിയെ അറിയിച്ചിരുന്നു.

3.ക്രൂസ് കഴിഞ്ഞ 28 വർഷമായി ഡയറി അച്ചടിച്ച് വരികയാണെന്നും പൊതു പ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും വളരെ ഉപയോഗപ്രദമായ കാര്യങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഈ ഡയറി അച്ചടിക്കുന്നതിന് മുൻ വർഷം പ്രത്യേകമായി അനുവാദം നൽകിയിരുന്നുവെന്നും സർക്കാർ തീരുമാനം പുനഃപരിശോധിച്ച് മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും ഡയറി അച്ചടിക്കുന്നതിന് സർക്കാരിനോട് അഭ്യർഥിക്കുവാൻ 3/11/2021ൽ കൂടിയ ക്രൂസ് ഡയറക്ടർ ബോർഡ് തീരുമാനമായിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനം പുനഃപരിശോധിച്ച് മുൻ വർഷങ്ങളിലെപ്പോലെ 8000 ഡയറികൾ അച്ചടിക്കാൻ അനുവാദം നൽകണമെന്നും പരാമർശം (3) പ്രകാരം ക്രൂസ് സെക്രട്ടറി അഭ്യർഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്രൂസ് സർക്കാർ ഗ്രാന്റോ മറ്റു ധന

സഹായങ്ങളോ ഒന്നും തന്നെ ലഭിക്കാതെ തനത് വരുമാനമുപയോഗിച്ച് പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണെന്നതും തദ്ദേശസ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന പൊതുപ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും ഈ ഡയറി വളരെ ഉപകാരപ്രദമാണെന്നതും കണക്കിലെടുത്തും ക്രൂസിന്റെ പുതിയ ഭരണസമിതി ചുമതലയേറ്റ പശ്ചാത്തലത്തിലും 2022 വർഷത്തേയ്ക്ക് 8000 ഡയറി അച്ചടിക്കാൻ ക്രൂസ് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി ( ക്രൂസ്)
തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/ എ&ഇ) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ജി&എസ്എസ് എ/ ഇ& ആർ എസ് എ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
വിവര പൊതു ജന സമ്പർക്ക (വെബ്& ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ